കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-പാലക്കാട് ജില്ല-നെല്ലായ വില്ലേജിൽ പൊതുശ്മശാനം നിർമ്മാണം-പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമം-കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1542/13/തസ്വഭവ തിരുവനന്തപുരം, തീയതി: 12/06/2013.

പരാമർശം: 1) പാലക്കാട് ജില്ലാ കളക്ടറുടെ 21.11.2012-ലെ ഡി4-2008/21617/9 നമ്പർ നടപടിക്രമം.
2) കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡന്റ് 17.10.2012-ൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.

ഉത്തരവ്

നെല്ലായ വില്ലേജിൽ സർവ്വേ നം.62/1**A**-ൽ പെട്ട സ്ഥലത്ത് പുതുതായി ഒരു ശ്മശാനം തുടങ്ങുന്നതിന് ലൈസൻസിനായി കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡണ്ട് സമർപ്പിച്ച അപേക്ഷ പാലക്കാട് ജില്ലാ കളക്ടർ നിരസിച്ചതിനെ തുടർന്ന് സർക്കാരിൽ പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. പരാതിക്കാരനെയും ബന്ധപ്പെട്ടവരെയും 21.05.2013-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി സെക്രട്ടറിയും, രണ്ട് കമ്മിറ്റി അംഗങ്ങളും, അവരുടെ വക്കീലും പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിന്ന് ജൂനിയർ സൂപ്രണ്ടും ഹിയറിംഗിന് ഹാജരായി.

2) കിഴക്കുംപറമ്പ് ജുമാമസ്ജിദിന്റെ പരിധിയിൽ 162 മുസ്ലീം കുടുംബ ങ്ങളും 1000 ത്തോളം വിശ്വാസികളുമുണ്ട്. ഇവർ ചെമ്മംകുഴി പള്ളിയിൽ ശവസംസ്കാരം നടത്തി വരവെ 11.05.2007-ൽ പള്ളിയിൽ ഇനി ശവം അടക്കുവാൻ പറ്റില്ലായെന്ന് പറയുകയാൽ സ്വന്തമായി ശ്മശാനത്തിന് ശ്രമം ആരംഭിക്കുകയും 25.02.2008-ൽ കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി പ്രസിഡന്റ് നെല്ലായ ഗ്രാമപഞ്ചായത്തിൽ ശ്മശാനത്തിനുള്ള ലൈസൻസിന് അപേക്ഷ സമർപ്പിയ്ക്കുകയും ചെയ്തു. ടി അപേക്ഷ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് 11.03.2008-ൽ അയയ്ക്കുകയും ജില്ലാ മെഡിക്കൽ ഓഫീസർ 23.04.2008-ൽ സ്ഥല പരിശോധന നടത്തി ശ്മശാനം പണിയുന്നതിന് നിരാക്ഷേപപത്രം നൽകിക്കൊണ്ട് കളക്ടർക്ക് കത്ത് നൽകുകയും ചെയ്തു.

3) ശ്മശാനം നിർമ്മിക്കുന്നതിനായുള്ള ലൈസൻസിനുള്ള അപേക്ഷയിന്മേൽ ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കണമെന്ന് കാട്ടി 27.05.2008-ലെ മാതൃഭൂമി പത്രത്തിൽ പരസ്യപ്പെടുത്തിയതിനെ തുടർന്ന് 6 ആക്ഷേപങ്ങളും ഒരു പൊതു ഹർജിയും ലഭിച്ചിരുന്നു. മതസൗഹാർദ്ദത്തിന് കോട്ടം വരുമെന്ന കാരണം പറഞ്ഞിരുന്നതിനാൽ, ആയതിൽ ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ അന്വേഷണം നടത്തി, പരിസരവാസികളായ 5 പേരെ വിചാരണ ചെയ്തതിൽ ശ്മശാനം തുടങ്ങുന്നത് മൂലം അവർക്ക് എതിർപ്പുള്ളതായി തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ശ്മശാനം അനുവദിയ്ക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ നിബന്ധനകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്നുമുള്ള റിപ്പോർട്ട് അനന്തര നടപടികൾക്കായി ജില്ലാ കളക്ടർക്ക് 26.05.2010-ൽ നൽകുകയുമുണ്ടായി. ആയതിൽ മതസൗഹാർദ്ദത്തിന് കോട്ടം വരുമെന്ന് പരാമർശിച്ചിരുന്നില്ല.

(...2)

~~4) പിന്നീട് 24.07.2010-ൽ കളക്ടർക്ക്~~ മതമൈത്രിയും സമാധാനവും തകരുമെന്ന കാരണം കാണിച്ചുള്ള ആക്ഷേപങ്ങൾ ലഭിച്ചപ്പോൾ, 07.10.2010-ൽ വീണ്ടും ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസർ അന്വേഷണം നടത്തി നൽകിയ റിപ്പോർട്ടിൽ ശ്മശാനം അനുവദിക്കുന്നത് മതമൈത്രിക്ക് ഹാനികരമാകുമെന്നതിനാൽ അനുമതി നൽകേണ്ടതില്ല എന്ന് റിപ്പോർട്ട് ചെയ്തു. എന്നാൽ 21.12.2010-ൽ ജില്ലാ പോലീസ് ചീഫിനോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും 19.06.2012-ൽ പോലീസ് സൂപ്രണ്ട് മത മൈത്രിയെ ബാധിയ്ക്കുമെന്ന് റിപ്പോർട്ട് നൽകിയതിനാൽ വീണ്ടും ഒറ്റപ്പാലം സബ് കളക്ടറോട് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുവെന്ന് ജില്ലാ കളക്ടറുടെ പ്രതിനിധി അറിയിച്ചു.

5) ഇവിടെ ഒരു കാര്യം വ്യക്തമാണ്. 25.02.2008-ൽ നൽകിയ അപേക്ഷയിൻമേൽ നടപടി എടുക്കവെ ആദ്യമായി എതിരായുണ്ടായ റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർ 07.10.2010-ൽ നൽകിയപ്പോൾ എസ്.പി. യോട് 21.12.2010-ൽ അന്വേഷണ റിപ്പോർട്ട് കളക്ടർ ആവശ്യപ്പെട്ട ശേഷം 19.06.2012-ൽ റിപ്പോർട്ട് ലഭ്യമാകുന്നതു വരെ രണ്ടു വർഷക്കാലം ഈ അപേക്ഷയിൽ ഒരു നടപടിയും ഉണ്ടായില്ല.

6) 22.03.2012-ൽ ഒരു മൃതശരീരം ചെമ്മംകുഴി പള്ളിയിൽ അടക്കാൻ വിസമ്മതിച്ചതിനാൽ, ലൈസൻസ് ഇല്ലാതെ തന്നെ കിഴക്കുംപറമ്പ് പള്ളിയിലെ ശ്മശാനത്തിന് അപേക്ഷിച്ച സ്ഥലത്ത് മറവ് ചെയ്യുവാൻ ശ്രമിച്ചത് വർഗ്ഗീയ സംഘർഷത്തിലേയ്ക്ക് കാര്യങ്ങൾ നീക്കുകയും ചെയ്തു. 24.04.2012-ൽ വീണ്ടും ടി സ്ഥലത്ത് മൃതദേഹം മറവ് ചെയ്തത് സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കി. 03.05.2012-ൽ സ്ഥലം എം.എൽ.എമാരും മറ്റ് ജനപ്രതിനിധികളുടെയും യോഗത്തിൽ തീരുമാനിച്ച പ്രകാരം പുതിയ സ്ഥലം കണ്ടെത്താനും പുതിയ സ്ഥലം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും ടി സ്ഥലത്ത് ശ്മശാനത്തിന് അനുമതി നൽകുകയാണെങ്കിൽ സാമുദായിക സ്പർദ്ധ ഉണ്ടാകുമെന്ന് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടും സബ് കളക്ടറും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ശ്മശാനം നിർമ്മിക്കുന്നതിനുള്ള അപേക്ഷ പാലക്കാട് ജില്ലാ കളക്ടർ പരാമർശം (1) നടപടിക്രമം പ്രകാരം നിരസിച്ച് ഉത്തരവായി. ആയതിന് എതിരായിട്ടാണ് സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചത്.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1000 പേരോളം അംഗങ്ങളായുള്ള ജുമാമസ്ജിദിന് സാങ്കേതിക തടസ്സങ്ങൾ ഒന്നും ഇല്ലാതിരുന്നിട്ടും 2008-ൽ നൽകിയ അപേക്ഷയിൽ റവന്യൂ ഡിവിഷണൽ ഓഫീസർ ആദ്യം നൽകിയ 26.05.2010-ലെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപടികൾ എടുക്കാതിരുന്നതും ഈ വിഷയത്തിൽ 30 ദിവസങ്ങൾ കഴിഞ്ഞ് ക്രമസമാധാനം ഉന്നയിച്ചു കിട്ടിയ ആക്ഷേപങ്ങൾ പരിശോധിയ്ക്കുന്നതിൽ എസ്.പി യുടെ റിപ്പോർട്ട് വാങ്ങാനുണ്ടായ 2 വർഷ കാലതാമസവുമെല്ലാം കണക്കിലെടുത്താൽ കിഴക്കുംപറമ്പ് ജുമാമസ്ജിദ് അംഗങ്ങളുടെ ആവശ്യം ന്യായമാണെന്ന് കാണാം.

8) ഈ സാഹചര്യത്തിൽ 1998-ലെ കേരള പഞ്ചായത്ത് രാജ്, (ശവം മറവുചെയ്യുവാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 6(11) പ്രകാരം നെല്ലായ വില്ലേജിൽ എഴുവന്തല അംശം സർവ്വേ നം. 62/1**A**-ൽപ്പെട്ട സ്ഥലത്ത് കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റിക്ക് ശ്മശാനം നിർമ്മിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റീത്ത എസ്. പ്രഭ
ഗവ. അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, പാലക്കാട്.
പ്രസിഡന്റ്, കിഴക്കുംപറമ്പ് ജുമാമസ്ജിദ് കമ്മിറ്റി,
എഴുവന്തല. പി.ഒ (679 335), നെല്ലായ (വഴി) പാലക്കാട് -1.
സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.